**മൂന്നാർ എഞ്ചിനീയറിംഗ് കോളേജ്**

156(1141) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ നടത്തിപ്പവകാശം ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറുന്നതിന് നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ നടപടി സ്വീകരിക്കുമോ?

മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ നടത്തിപ്പുചുമതല ഐ.എച്ച്.ആർ.ഡി.-ക്ക് നൽകുന്നതിനുള്ള നിർദ്ദേശമുണ്ടായിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്. എന്നാൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്ന ഗണ്യമായ കുറവുമൂലമുണ്ടായ വരുമാന നഷ്ടത്തെത്തുടർന്ന് ഐ.എച്ച്.ആർ.ഡി. കനത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് ഐ.എച്ച്.ആർ.ഡി ഏറ്റെടുക്കുന്നത് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുമെന്ന് ഐ.എച്ച്.ആർ.ഡി.-യുടെ 30.06.2021-ൽ നടന്ന 103-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം വിലയിരുത്തിയിട്ടുണ്ട്. എങ്കിലും പ്രസ്തുത നിർദ്ദേശത്തിന്റെ സാദ്ധ്യത പരിശോധിക്കും.

(ബി) പ്രസ്തുത കോളേജ് ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറുന്നതിന് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് വിശദമാക്കാമോ?

പ്രസ്തുത കോളേജ് ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറുന്നതിന് ഏകദേശം 4.5 കോടി രൂപ നോൺ പ്ലാൻ ഫണ്ട് ഇനത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത സർക്കാരിനുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

**പി.പി.പി. മോഡൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ**

157(1142) ശ്രീ പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സരാധിഷ്ഠിത ലോകത്തിൽ ഉന്നത വിദ്യാഭ്യാസ രംഗം കൂടുതൽ ഗുണമേന്മ കൈവരിക്കേണ്ടതുള്ളതിനാൽ പി.പി.പി. മോഡൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) എങ്കിൽ സ്വകാര്യ- സഹകരണ മേഖലകളുടെ പങ്കാളിത്തത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത റാന്നി പോലുള്ള മലയോര പ്രദേശങ്ങളിൽ വിദ്യാർത്ഥികൾക്കും മാനേജ്മെന്റിനും ഒരു പോലെ ഗുണകരമായ ഐ.ടി., ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, ബയോടെക്നോളജി മുതലായ ലിമിറ്റഡ് എഞ്ചിനീയറിംഗ് കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly